ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്-ന്റെ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പഠന റിപ്പോർട്ട് ലഭ്യമായശേഷം മാത്രമേ മീറ്റർ റീഡർ, കാഷ്യർ എന്നീ തസ്തികകളിലെ അനുവദനീയ എണ്ണം, ഒഴിവുകൾ എന്നിവ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ) കരാർ അടിസ്ഥാനത്തിൽ 2 ജീവനക്കാർ ജോലിചെയ്യുന്നുണ്ട്. ഫീൽഡ് തലത്തിൽ ചില അത്യാവശ്യ ജോലികൾ വർക്ക് കോൺട്രാക്ട് നൽകി ചെയ്യുവരുന്നുണ്ട്.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം

15(2003) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിൽ എത്ര മസ്ദൂർ, ലൈൻമാൻ, ഓവർസിയർ, സബ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ ; ഇതിൽ എത്ര എണ്ണം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

മസ്ദൂർ	- ഒഴിവില്ല
ലൈൻമാൻ	- ഒഴിവില്ല
ഓവർസിയർ	- 158
സബ്. എഞ്ചിനീയർ	- 285 (PSC - ക്വാട്ട)
അസിസ്റ്റന്റ് എഞ്ചിനീയർ	- 64 (PSC - ക്വാട്ട)

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ മസ്ദൂർ തസ്തിക ഒഴികെ മറ്റെല്ലാ തസ്തികകളിലെയും ഒഴിവുകൾ തിട്ടപ്പെടുത്തുന്നത് സംസ്ഥാനാടിസ്ഥാനത്തിലാണ്.

സബ് എഞ്ചിനീയർ തസ്തികയിൽ 30% PSC - ക്വാട്ടയിൽ 275 ഒഴിവുകൾ PSC - ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ-40% PSC - ക്വാട്ടയിൽ കോടതി നിർദ്ദേശപ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി 394 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly